മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പത്ര വിതരണ ഏജൻറൻമാർ അവരുടേതായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം ഇൻഫർമേഷൻ മിനിസ്റ്ററർക്ക് സമർപ്പിച്ചിരുന്നു. അവർ എന്നേയും വന്നു കാണുകയുണ്ടായി. അതിനെത്തുടർന്ന് ഈ കഴിഞ്ഞ 16–ാം തീയതി പത്രാധിപൻമാരുമായി ചർച്ച ഏർപ്പെടുത്തിയ അവസരത്തിൽ ഇൻഫർമേഷൻ മിനിസ്റ്ററർ അവരുടെ ഈ കാര്യത്തിൽ എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കാൻ കഴിയുമോയെന്ന് ചോദിക്കുകയുണ്ടായി. പത്രം വിതരണം ചെയ്യുന്നതിന് ആരായിരിക്കണം അതിന് എത്ര ശതമാനം ആനുകൂല്യം കൊടുക്കണം. ഇതെല്ലാം നിശ്ചയിക്കാനുള്ള പൂർണ്ണമായ അധികാരം മാനേജുമെൻറിനാണ്. ഇതിൽ ഒരു തൊഴിൽ പ്രശ്നം ഉൾക്കൊള്ളുന്നില്ല. അക്കാര്യത്തിൽ ഗവൺമെൻറ് ഇടപെടരുതെന്നുള്ള നിലപാടാണ് മാനേജ്മെൻറ് സ്വീകരിച്ചത്. പത്ര വിതരണ ഏജൻറൻമാരെ സംബന്ധിച്ചിടത്തോളം അവർ ആവശ്യപ്പെടുന്നത് അവർക്ക് കിട്ടിവന്നിരുന്ന ശതമാനം ആനുകൂല്യം തുടർന്നും നൽകണമെന്നാണ്. അവർക്ക് കൊടുത്തിരുന്ന ആനുകൂല്യത്തിൽ കുറവുചെയ്ത ശതമാനം നികത്തിക്കൊടുക്കണമെന്നാണ് അവർ ആവശ്യപ്പെട്ടിരുന്നത്. മാനേജ്മെൻറിനെ സംബന്ധിച്ചിടത്തോളം ശതമാനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിൽപോലും കിട്ടി വരുന്ന തുക കൂടുതലാണെന്നുള്ള ഒരു നിലപാടാണ് ഇന്ന് സ്വീകരിച്ചിട്ടുള്ളത്. എന്തായാലും ഔപചാരികമായി ഗവൺമെൻറിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഇരു വിഭാഗക്കാരും സമ്മതിക്കുകയാണെങ്കിൽ അവരെ സഹകരിപ്പിച്ചു കൊണ്ടുപോകുന്നതിനും ഇതിന് ഒരു പരിഹാരം കണ്ടെത്തുന്നതിനും ഗവൺമെൻറ് ഭാഗത്തുനിന്ന് എന്ത് ചെയ്യാൻ സാധിക്കുമെന്നുപരിശോധിക്കാവുന്നതാണ്. ഇത്രയും മാത്രമേ ഗവൺമെൻറിന് ചെയ്യാൻ സാധിക്കുകയുള്ളൂ.

(2) പാഠപുസ്തകങ്ങളിലെ പിശകുകൾ

ശ്രീ. ലോനപ്പൻ നമ്പാടൻ: നമ്മുടെ പാഠ പുസ്തകങ്ങളിൽ മുഴുവൻ തെറ്റുകളാണ്. വില വളരെ കൂടുതലും. ഈ സബ്മിഷൻ ഉന്നയിക്കാൻ ഇടയായതിൽ എനിക്ക് അതിയായ ഖേദമുണ്ട്. 5–ാം സ്റ്റാൻേർഡിൽ സാമൂഹ്യ ശാസ്ത്ര പരിചയം പാഠപുസ്തകത്തിൽ ദേശീയ പതാകയെ അങ്ങേയറ്റം വികലമാക്കി അവഹേളിച്ചിരിക്കുന്നു. 6–ാം സ്റ്റാൻഡേർഡിലെ സാമൂഹ്യ ശാസ്ത്രത്തിൽ മുഹമ്മദ് നബി ഇസ്ലാം മതം 40–ാം വയസ്സിൽ സ്ഥാപിച്ചുവെന്നും, ക്രിസ്ത്യാനികൾ വെള്ളിയാഴ്ച ദിവസം വിശേഷ ദിവസമായി ആഘോഷിക്കുന്നുവെന്നും കൊടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷം സെപ്തംബർ നാലാം തീയതി സബ്മിഷൻ ഈ തെറ്റുകൾ ചൂണ്ടിക്കാണിച്ചപ്പോൾ ഇക്കൊല്ലം തിരുത്തുമെന്ന് വിദ്യാഭ്യാസ മന്ത്രിയും, മുഖ്യമന്ത്രിയും സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. ഇതുവരെ മാറ്റിയില്ല. സഭയെ അവഹേളിച്ചിരിക്കുകയാണ്. രാജ്യദ്രോഹ കുറ്റമാണിത്. നിയമ പ്രകാരം മൂന്നു കൊല്ലത്തെ തടവും പിഴയുമാണ് ഈ തെറ്റുകൾക്കുള്ള ശിക്ഷ. 10–ാം സ്റ്റാൻഡേർഡിലെ 'ഭാരതവും ലോകവും' എന്ന പാഠപുസ്തകത്തിൽ ഇന്ത്യയിൽ പോർട്ടുഗീസുകാരുടെ വരവിനുശേഷമാണ് ക്രിസ്തുമതവും കത്തോലിക്കാ സഭയും ഉണ്ടായത് എന്ന് പറഞ്ഞിട്ടുണ്ട്. ഇത്

LIBRARY ARCHIVES Kerala Legislative Assembly

ചരിത്ര സത്യങ്ങൾക്ക് വിരുദ്ധവും മതവിശ്വാസങ്ങൾക്ക് എതിരുമാണ്. ഈ പുസ്തകങ്ങൾ ഉടൻ പിൻവലിച്ച് പുതിയ പുസ്തകങ്ങൾ ഇറക്കേണ്ടതാണ്. അതുപോലെ 1-ാം സ്റ്റാൻഡേർഡിലെ പാഠപുസ്തകത്തിൽ ദേശീയ പതാകയുടെ നിറം ചുവപ്പ്, വെള്ള, പച്ച എന്നാണ് കൊടുത്തിരിക്കുന്നത്. ഈ തെറ്റുകൾ തിരുത്തി പിഞ്ചു വിദ്യാർത്ഥികൾക്ക് ശരിയായ രീതിയിലുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്യണമെന്ന് കൂടി അഭ്യർത്ഥിക്കുകയാണ്. ദേശീയ പതാകയുടെ ചിത്രം ഇറക്കിയ പുസ്തകം ഇക്കൊല്ലം വീണ്ടും ഇറങ്ങിയിരിക്കുകയാണ്. ഈ വികലമായ അവഹേളനാപരമായ ദേശീയ പതാക ഈ വർഷം മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും ശരിയായരീതിയിൽ പ്രിൻറ് ചെയ്യാമെന്ന് ഉറപ്പ് നൽകിയതാണ്. ഇത് രാജ്യദ്രോഹപരമായ കുറ്റമാണ്. ഇതിന് മൂന്നു കൊല്ലത്തെ തടവും പിഴയുമാണ് ശിക്ഷ. ഇത് രണ്ടുംകൂടി ഉൾക്കൊള്ളുന്ന കുറ്റമാണ് ചെയ്തിരിക്കുന്നത്. ഈ പാഠപുസ്തകം എത്രയും വേഗം അടിയന്തിരമായി മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, കഴിഞ്ഞ വർഷം പ്രിൻറ് ചെയ്ത ബുക്ക് ആണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കാണിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ 5-ാം ക്ലാസ്സിലെ സോഷ്യൽ സയൻസ് പുസ്തകത്തിൽ പറക്കുന്ന ദേശീയ പതാകയായിട്ടാണ് അവർ പ്രിൻറ് ചെയ്തിരിക്കുന്നത്. എന്തായാലും അതിനെക്കുറിച്ച് ഉള്ള കൃത്യമായ സ്പെസിഫിക്കേഷൻ സുണ്ട്. അത് തെറ്റിച്ചാണ് ചെയ്തതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞപ്പോൾ അതിന് വേണ്ട നടപടികൾ സ്വീകരിച്ചു. ഈ വർഷം പ്രിൻറ് ചെയ്ത് ഇറക്കിയിരിക്കുന്ന പുസ്തകം ഇതാണ്. ഇതിനകത്ത് ദേശീയ പതാക കൃത്യമായി പ്രിൻറ് ചെയ്തിട്ടുണ്ട്.....(ബഹളം).....

1985-ൽ പ്രിൻറ് ചെയ്ത ബുക്ക് ആണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കാണിച്ചത്. ഇത് 1986-ൽ പ്രിൻറ് ചെയ്ത് ഇറക്കിയിരിക്കുന്നതാണ്. അതിൽ ശരിയായ ചിത്രം കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ സ്കൂളുകൾക്കും വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. .....(ബഹളം) :.....

1985-ൽ ആദ്യമായി 5-ാം ക്ലാസ്സിലെ പുസ്തകം മാറ്റി. അപ്പോഴാണ് സോഷ്യൽ സയൻസിൽ ഈ പിശക് കടന്നുകൂടിയത്. ഈ വർഷം അത് കറക്ട് ചെയ്യാൻ നിർദ്ദേശം കൊടുത്തു. അത് കറക്ട് ചെയ്ത് ഈ വർഷം പ്രിൻറ് ചെയ്ത് ഇറക്കിയിട്ടുണ്ട്. ഈ കാര്യങ്ങൾ അദ്ധ്യാപകരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പുസ്തകം പ്രിൻറ് ചെയ്യുമ്പോൾ ചിലപ്പോൾ മിസ്റ്റേക്ക് വന്നെന്നിരിക്കും. അങ്ങനെ വരുമ്പോൾ കറക്ട് ചെയ്യുകയാണ് വേണ്ടത്. അത് കറക്ട് ചെയ്തിട്ടുണ്ട്. അതുപോലെതന്നെ അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റൊരു സംഗതി 6-ാം ക്ലാസ്സിലെ സാമൂഹ്യ ശാസ്ത്രത്തിൽ 8-ാം അദ്ധ്യായത്തിൽ ക്രിസ്ത്രീയ മതവും ഇസ്ലാമും എന്ന ഭാഗത്തിൽ ഇസ്ലാം മതത്തെ സംബന്ധിച്ചും അതുപോലെ തന്നെ ക്രിസ്ത്രീയ സഭയെ സംബന്ധിച്ചും ചില പരാമർശങ്ങളുണ്ട്. അതിനെ സംബന്ധിച്ചാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചത്. കഴിഞ്ഞവർഷം ഈ കാര്യം ഇവിടെ ഉന്നയിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ.കെ. ബാവ ഈ കാര്യം നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. അതിനെത്തുടർന്ന് ഡോക്ടർ കരീം, എ.എൻ.പി. ഉമ്മർകുട്ടി, ഇബ്രാഹീം, റിട്ടയേർഡ് പ്രൊഫസർ ഓഫ് ഹിസ്റ്ററി ശ്രീ. കുഞ്ഞൻ ഇവർ അടങ്ങുന്ന ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയമിക്കുകയും ആ കമ്മിറ്റി ഈ കാര്യങ്ങൾ പരിശോധിക്കുകയും ചെയ്തു. ഈ വർഷം പ്രത്യേകമായി പരിശോധിച്ച് പ്രിൻറ് ചെയ്ത് ഇറക്കിയ പുസ്തകത്തിനകത്ത് കഴിഞ്ഞ വർഷം വന്ന മിസ്റ്റേക്കുകളെല്ലാം കറക്ട് ചെയ്തിട്ടുണ്ട്. അതുപോലെ ദുഃഖവെള്ളിയാഴ്ച ഒരു ആഘോഷമാണെന്ന പരാമർശം ഉണ്ടായിരുന്നു. അത് ഒരു ആഘോഷമല്ല, ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഒരു പ്രിശകായി ഇതിൽ കടന്നുകൂടിയതാണ്. അതു തിരുത്തിയിട്ടുണ്ട്. അതുപോലെ 10-ാം ക്ലാസ്സിലെ സോഷ്യൽ സ്റ്റഡീസിനെക്കുറിച്ചാണ് ചൂണ്ടിക്കാണിച്ച മറ്റൊരു സംഗതി. അതിനകത്ത് ചില തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട നമ്പാടൻ മാസ്റ്റർ അന്ന് എഴുതിത്തന്നിരുന്നു. അതുപോലെ തന്നെ മുസ്ലീം സമുദായത്തെ സംബന്ധിച്ചുള്ള ഒന്നു രണ്ടു പരാമർശങ്ങൾ തെറ്റായിട്ടാണ് കടന്നുകൂടിയത്. അതും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് രണ്ടും സർക്കുലർ വഴി കറക്ട് ചെയ്ത് എല്ലാ സ്കൂളുകൾക്കും അയയ്ക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പുതിയ സിലബസ്സും കരിക്കുലവും പൂർത്തിയാക്കിയിരിക്കുകയാണ്. സ്വാഭാവികമായും ചില ഭാഗങ്ങളിൽ മിസ്റ്റേക്കുകൾ കടന്നു കൂടി എന്നു വരാം. ഇങ്ങനെ വരുന്ന മിസ്റ്റേക്കുകൾ അപ്പപ്പോൾ ശ്രദ്ധയിൽപെടുത്തിയതെല്ലാം കറക്ട് ചെയ്തിട്ടുണ്ട്. ഇവിടെ പറഞ്ഞ രണ്ടു കാര്യങ്ങളും കറക്ട് ചെയ്തിട്ടുണ്ട്. 5-ാം ക്ലാസ്സിലേയും 6-ാം ക്ലാസ്സിലേയും പാഠപുസ്തകം കറക്ട് ചെയ്ത് ഇറക്കിയിട്ടുണ്ട്.

(3) മാവൂർ ഗ്വാളിയർ റയോൺസിലെ ലോക്കൗട്ട്

ശ്രീ. കെ.പി. രാമൻ: സർ, നമ്മുടെ സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ ഒരു പ്രമുഖ വ്യവസായ സ്ഥാപനമായ എൻറെ നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി അടച്ചു പൂട്ടിയിട്ട് ഇന്ന് 11 മാസവും 16 ദിവസവും തികഞ്ഞിരിക്കുകയാണ്. ഇതുമൂലം ഈ ഫാക്ടറിയിലെ നാലായിരത്തോളം തൊഴിലാളികൾ ഉൾപ്പെടെ ഫൈബറിലും പൾപ്പിലും പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളും അവരുടെ കുടുംബവും മുഴുപ്പട്ടിണിയിലാണ്. ബോണസ്, കരാർ പ്രശ്നം, റിസർവ് തൊഴിലാളികൾക്ക് പൂർണ്ണമായ ജോലി എന്നീ ആവശ്യങ്ങളാണ് ഈ തൊഴിലാളികൾ ഉയർത്തിപ്പിടിച്ചിരിക്കുന്നത്. അഞ്ചു വർഷമായി കമ്പനി നഷ്ടത്തിലാണെന്നു പറയുന്നു. ഈ കമ്പനിയുടെ മാനേജുമെൻറിൻറെ സഹോദര സ്ഥാപനമായ കർണ്ണാടക ജില്ലയിലെ അരിയാർ പോളിഫൈബേഴ്സ് തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ എല്ലാം തന്നെ മാനേജുമെൻറ് അനുവദിച്ചു കൊടുക്കുന്നുണ്ട്. എന്നാൽ ഇവിടെ റാ-മെറ്റീരിയൽസ് കിട്ടുന്നില്ല. അതുപോലെ തന്നെ ഫൈബർ, പൾപ്പ് എന്നിവ ഇറക്കുമതി ചെയ്യുന്നതിൻറെ ഫലമായി ഇവർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് മാർക്കറ്റില്ലെന്നു പറയുന്ന ഒരു വാദഗതിയുമായിട്ടാണ് മാനേജ്മെൻറ് മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly